"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദ സഞ്ചാര വകുപ്പ് - ഡി സി ബുക്സ് & ഡി സി കിഴക്കെമുറി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ എട്ടാം പതിപ്പ് -ജനുവരി 23-26, 2025 -സാമ്പത്തിക ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.58/2025/TSM തീയതി,തിരുവനന്തപുരം, 04-02-2025

---

പരാമർശം:- വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 09-01-2025ലെ DOT/83/2024-M1 നം. കത്ത്.

**<u>ഉത്തരവ്</u>**

ഡി സി ബുക്സിന്റെയും ഡി സി കിഴക്കെമുറി ഫൗണ്ടേഷന്റെയും നേതൃത്വത്തിൽ കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ എട്ടാം പതിപ്പ് 2025 ജനുവരി 23-26 തീയതികളിലായി കോഴിക്കോട് കടപ്പുറത്ത് വച്ച് സംഘടിപ്പിക്കുന്നതായും ആയതിലേക്ക് ധനസഹായം അനുവദിച്ച് നൽകണമെന്നും പരാമർശം പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡി സി ബുക്സിന്റെയും ഡി സി കിഴക്കെമുറി ഫൗണ്ടേഷന്റെയും നേതൃത്വത്തിൽ 2025 ജനുവരി 23-26 തീയതികളിലായി കോഴിക്കോട് കടപ്പുറത്ത് വച്ച് സംഘടിപ്പിച്ച കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ എട്ടാം പതിപ്പിന് , സാമ്പത്തിക സഹായമായി, 3452-80-104-98-00-34-03 പിവി മാർക്കറ്റിംഗ് എന്ന ശീർഷകത്തിൽ നിന്നും ₹1,00,000/-(ഒരു ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം സെക്രട്ടറി, ഡി.സി ബുക്സ് & ഡി.സി കിഴക്കെമുറി ഫൗണ്ടേഷൻ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള,
തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 05-02-2025 10:25:26

സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്